"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 757

04.03.2020 ൽ മറുപടിയ്ക്ക്

## അച്ചൻകോവിലാറിന്റെ തീരസംരക്ഷണപദ്ധതികൾ

| | ചോദ്യം<br>**ശ്രീ. കെ.യു. ജനീഷ് കുമാർ** | | മറുപടി<br>**അഡ്വ. കെ. രാജു**<br>**( വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** |
|---|---|---|---|
| (എ) | കോന്നി നിയോജക മണ്ഡലത്തിലൂടെ ഒഴുകുന്ന അച്ചൻകോവിലാറിന്റെ തീരം സംരക്ഷിക്കുന്നതിനും മനോഹരമാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | (എ) | കോന്നി നിയോജക മണ്ഡലത്തിലൂടെ ഒഴുകുന്ന അച്ചൻകോവിലാറിന്റെ തീരത്തുൾപ്പെടെ പത്തനംതിട്ട ജില്ലയിലെ നദീതീരങ്ങളിൽ മുളം തൈകൾ വച്ചു പിടിപ്പിച്ച് തീരം സംരക്ഷിക്കുന്നതിന് വനം വകുപ്പ് ജില്ലാ ഭരണകൂടവുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി)<br><br>(സി) | തീരങ്ങളിൽ മുള, മറ്റ് വൃക്ഷങ്ങൾ എന്നിവ നട്ടുപിടിപ്പിച്ച് ബലപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;<br><br>ആറിന്റെ തീരങ്ങളിൽ തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളിൽ വൃക്ഷങ്ങൾ നട്ട് കുട്ടിവനങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി)<br>&<br>(സി) | പത്തനംതിട്ട ജില്ലയിലെ നദികളുടെയും അവയുടെ കൈവഴികളുടെയും തീരങ്ങളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഗ്രാമ പഞ്ചായത്തുകൾ വഴി, 2020 ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി, നട്ടു പരിപാലിക്കുന്നതിനായി 100000 (ഒരു ലക്ഷം) മുളംതൈകൾ ഉത്പാദിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അച്ചൻകോവിലാറിന്റെ കരകളിലും മുളംതൈകൾ നട്ടുപിടിപ്പിക്കുന്നുണ്ട്. |

Signature valid
Digitally signed by ANJALYDEVI A G
Date: 2020.03.03 15:06:27 IST
Reason: Approved

സെക്ഷൻ ഓഫീസർ